# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2638** **06.12.2018 -ൽ മറുപടിയ്ക്ക്**

### ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.കെ.മുരളീധരൻ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | എ) | രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| ബി) | എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയത്; ഇതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്; | ബി) | രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പാർക്കിൽ പുതിയ കളി ഉപകരണങ്ങൾ സ്ഥാപിക്കുക, സ്വിമ്മിങ്ങ് പൂളിന്റെ നവീകരണം, റെസ്റ്റോറന്റിന്റെ മുൻ വശത്തേയും പാർക്കിലേയും ലാന്റ് സ്കേപ്പിംഗ് വർക്കുകൾ , ഫ്രണ്ട് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം , സൈക്കിൾ ട്രാക്കിലേക്കുള്ള പുതിയ പടിക്കെട്ടുകളുടെ നിർമ്മാണം തുടങ്ങിയവയാണ് പ്രധാനമായും പൂർത്തീകരിച്ചിട്ടുള്ളത്. ഇതിനായി 2,46,50,000/- രൂപ തിരുവനന്തപുരം ഡി.റ്റി.പി.സിയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. |
| സി) | ആക്കുളം കായൽ പായൽ മൂടികിടക്കുന്നതിനാൽ അത് നീക്കം ചെയ്യുന്നതിനും കായലിന്റെ ആഴം കൂട്ടുന്നതിനും നടപടി സ്വീകരിക്കുമോ; | സി) | നിലവിൽ പ്രസ്തുത പ്രദേശത്ത് നടന്നു വരുന്ന പ്രവർത്തികളുമായി ടൂറിസം വകുപ്പിന് ബന്ധമില്ല. എന്നാൽ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ആക്കുളത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി 128.68 കോടി രൂപയുടെ പദ്ധതിയ്ക്ക് സ.ഉ (സാധാ) നം. 515/2018/ടൂറിസം തീയതി 3/12/2018 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു |
| ഡി) | ആക്കുളം നവീകരണത്തിനായി കഴിഞ്ഞ 10 വർഷം എത്ര കോടി രൂപയാണ് മുടക്കിയത് എന്നറിയിക്കാമോ; | ഡി) | ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | |
| ഇ) | നവീകരണം പൂർത്തിയാക്കിയ ശേഷം തുടർ പരിപാലനം നടത്തുന്നതിന് ആവശ്യമായ ഫണ്ട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകി ആക്കുളം ടൂറിസ്റ്റ് വില്ലേജിനെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഇ) | ജില്ലകളിലെ ടൂറിസം പ്രോജക്ടുകളുടെ പരിപാലനം അതത് ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി ടൂറിസം വകുപ്പ് പ്രത്യേകം ഫണ്ട് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ

**Projects Sanctioned at Akkulam during the last 10 years**

| Sl No | Name of Project | District | Constituency | Executing Agency | Date of Sanction | AS Amount | Status |
|---|---|---|---|---|---|---|---|
| 1 | Improvements to Akkulam Water Park, Trivandrum | Thiruvananthapuram | Kazhakkoottam | State Nirmithi Kendra | Nov-11 | 13399610 | Completed |
| 2 | Implementation of entertainment cum leisure enclave at Akkulam tourist village premises | Thiruvananthapuram | Kazhakkoottam | KTIL (TRKL) | Jan-12 | 22500000 | Completed |
| 3 | Electrification works at Akkulam Childrens Park | Thiruvananthapuram | Kazhakkoottam | KELTRON | Aug-16 | 2872300 | Completed |
| 4 | Construction of Staging for KHAN Aircraft at Akkulam Tourist Village, Trivandrum | Thiruvananthapuram | Kazhakkoottam | ULCCS Ltd. | Jan-18 | 1400000 | Completed |
| 5 | LED Lighting Project at Akkulam Tourist Village | Thiruvananthapuram | Kazhakkoottam | KELTRON | Mar-18 | 2437000 | In progress |
| 6 | Modification of Yoga Building and Installation of Flight Simulator Museum at Akkulam Tourist Village | Thiruvananthapuram | Kazhakkoottam | Department of Tourism | Jul-18 | 9800000 | In progress |
| 7 | Akkulam Tourist Village 2nd Phase Development - Revised AS | Thiruvananthapuram | Kazhakkoottam | DTPC Trivandrum | Sep-18 | 93400000 | In progress |